പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3111 13.03.2018 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന നികുതിയുടെ വിനിയോഗം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കണമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | മോട്ടോർ വാഹന വകുപ്പ് വാഹന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക സർക്കാർ അനുവദിച്ചിട്ടുള്ള കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടയ്ക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത തുക ബഡ്ജറ്റ് വിഹിതമായി വിവിധ വകുപ്പുകൾക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. ആയതിന്റെ വിനിയോഗത്തിൽ ഗതാഗത വകുപ്പിന് പ്രത്യേക പങ്കൊന്നും തന്നെയില്ല. ഇത്തരത്തിൽ പിരിച്ചെടുക്കുന്ന തുക റോഡ് വികസനത്തിനായി ഉപയോഗിക്കണമെന്ന എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നതിന് ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) | ഈ തുക റോഡ് വികസനത്തിനായി വിനിയോഗിക്കണമെന്നത് സംബന്ധിച്ച് നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റി സർക്കാരിന് ശിപാർശ നൽകിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ടോ; | | |
| (സി) | നികുതി തുക വകമാറ്റി ചെലവഴിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് കാരണം ഈ തുക ശരിയായ രീതിയിൽ വിനിയോഗിക്കാത്തതാണെന്ന് കരുതുന്നുണ്ടോ; | | |
| (ഡി) | പ്രസ്തുത നികുതിയിനത്തിൽ പിരിക്കുന്ന തുക മുഴുവൻ റോഡുകളുടെ വികസനത്തിന് വേണ്ടി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ